(ഡി) ഇതിനുവേണ്ടി ഹാന്റെക്സ് എത്ര ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 80 ഗേജ് വരെയുള്ള പോളിത്തീൻ കവറുകൾ സർക്കാർ നിരോധിച്ചിട്ടുണ്ട്.

(ബി) 2,46,600 (രണ്ട് ലക്ഷത്തി നാല്പത്തി ആറായിരത്തി അറുന്നൂറ്) കവറുകൾ സ്റ്റോക്കുണ്ട്.

(സി) ഉണ്ട്.

(ഡി) ഉദ്ദേശം 6,00,000 രൂപ (ആറു ലക്ഷം രൂപ) ഇപ്പോൾ നൽകിയ ഓർഡറിന് ചെലവാകും.

ടൗവ്വൽ ഉല്പാദിപ്പിക്കാൻ നൂൽ വാങ്ങിയ നടപടി

37 (2034) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. എ. ചന്ദ്രൻ :
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98-ൽ ടൗവ്വൽ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി ഹാൻവീവ് എന്തു തുകയ്ക്കുള്ള നൂൽ വാങ്ങി ;

(ബി) എവിടെനിന്നെല്ലാമാണ് ഈ നൂൽ വാങ്ങിയത് ;

(സി) ഏതെല്ലാം ജില്ലകളിലുള്ള സംഘങ്ങളെയും വ്യക്തികളെയുമാണ് ഈ നൂൽ ഉപയോഗിച്ച് ടൗവ്വൽ ഉൽപ്പാദിപ്പിക്കുവാൻ ഏൽപ്പിച്ചത് ;

(ഡി) ഇവയുടെ ഉൽപ്പാദനത്തിന് എന്തു തുക ചെലവായി ?

(ഇ) ഇതിൽ എന്തു വിലയ്ക്കുള്ള ടൗവ്വൽ വിറ്റു ; ബാക്കി ടൗവ്വൽ എന്തു ചെയ്തു ;

(എഫ്) ഇക്കാര്യത്തിൽ ഹാൻവീവ് ഡയറക്ടർ ബോർഡിന്റെ തീരുമാനം ഉണ്ടായിരുന്നുവോ ; എങ്കിൽ പ്രസ്തുത തീരുമാനത്തിന്റെ കോപ്പി നൽകാമോ ;

(ജി) ഈ ടൗവ്വൽ വില്പനയിൽ ലാഭമോ നഷ്ടമോ എത്രയാണ് ?

ഉത്തരം

(എ) 32.11 ലക്ഷം രൂപയുടെ നൂൽ വാങ്ങിയിട്ടുണ്ട്.

(ബി) കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, നാഷണൽ ഹാൻലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളിൽ നിന്ന്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷന്റെ ഉല്പാദന സംഭരണ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത ഒറ്റത്തറിക്കാർ വഴിയും കൈത്തറി നെയ്ത്തു സഹകരണ സംഘങ്ങൾ വഴിയും.

(ഡി) നൂൽ വിലയ്ക്ക് പുറമേ ഉദ്ദേശം 15 ലക്ഷം രൂപ കൂലിയിനത്തിലും സംസ്ക്കരണത്തിലും ചെലവായിട്ടുണ്ട്. അതായത് ആകെ 47 ലക്ഷം (നാല്പത്തിയേഴ് ലക്ഷം) രൂപ.

(ഇ) സാധാരണ ഉപയോഗത്തിലുള്ള ടർക്കി ടൗവ്വലുകളും ഹണികോംപ് ടൗവ്വലുകളും ഷോറൂമുകളിലൂടെ വിറ്റഴിച്ചു. വില സംബന്ധിച്ച വിവരം ശേഖരിച്ചു ലഭ്യമാക്കുന്നതാണ്. 1997 ഓണം റിബേറ്റ് കാലയളവിൽ 500 രൂപയിൽ കൂടുതലും 1000 രൂപയിൽ കൂടുതലും തുണിത്തരങ്ങൾ വാങ്ങിയവർക്ക് യഥാക്രമം ചെറുതും വലുതും വെള്ള ടവ്വലുകൾ ഹാൻവീവ് എംബ്ലം പ്രിന്റു ചെയ്തത് സമ്മാനമായി നൽകിയിരുന്നു.

(എഫ്) ഉണ്ടായിരുന്നു. അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ജി) മറ്റുള്ളയിനങ്ങൾപോലെ ഒരു നിശ്ചിത ശതമാനം മാർജിൻ ഈടാക്കിയാണ് ടൗവ്വലുകൾ ഷോറൂമുകളിലൂടെ വില്പന നടത്തുന്നത്. ടൗവ്വലുകൾക്ക് മാർജിൻ 30% ആണ്.

സ്കൂൾ യൂണിഫോം ക്ലോത്ത് ഉൽപ്പാദിപ്പിക്കുവാൻ നൂൽ വാങ്ങിയ നടപടി

38 (2035) ശ്രീ. കെ. സുധാകരൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000, 2000-2001 എന്നീ വർഷങ്ങളിൽ സ്കൂൾ യൂണിഫോം ക്ലോത്ത് ഉല്പാദിപ്പിക്കുവാൻ ഹാൻവീവ് എവിടെനിന്നെല്ലാം നൂല് വാങ്ങി ;

(ബി) എന്തു തുകയ്ക്കുള്ള നൂല് ഇതിലേയ്ക്കായി വാങ്ങിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ നൂൽകൊണ്ട് യൂണിഫോം ക്ലോത്ത് ഉണ്ടാക്കുവാൻ ഏതെല്ലാം ജില്ലയിലെ ഏതെല്ലാം സംഘങ്ങളെയാണ് ഏല്പിച്ചത് ;

(ഡി) ഒറ്റത്തറി നെയ്ത്തുകാരല്ലാതെ മറ്റേതെങ്കിലും കേന്ദ്രങ്ങളിൽ യൂണിഫോം ക്ലോത്തിന്റെ ഉല്പാദനം നടത്തിയിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം കേന്ദ്രങ്ങളിലൂടെയാണെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) യൂണിഫോം ക്ലോത്തുണ്ടാക്കുവാനുള്ള ഉൽപാദനച്ചെലവ് എത്രയാണ് ;

(ജി) ഈ നൂല് കൊണ്ടുല്പാദിപ്പിച്ച യൂണിഫോം ക്ലോത്ത് ഇതുവരെ എന്തുതുകയ്ക്കു വിറ്റു ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly